കോഴിക്കോട് ജില്ലയിൽ വനം വകുപ്പിലെ ഫോറസ്റ്റ് വാച്ചർ തസ്തികയിലേയ്ക്ക്(ശമ്പളം : 23,000-50,200/-) 15.05.2013ലെ G.O (Ms) No. 53/2013/F&WLD, 23.08.2013ലെ G.O (Ms) No. 80/13/Forest എന്നീ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വനത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന ആദിവാസികൾക്കു വേണ്ടിയുള്ള പ്രത്യേക നിയമന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ വനാതിർത്തിയിലോ വനത്തിലോ ഉള്ള ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആരോഗ്യവാന്മാരും, സാക്ഷരരുമായ ആദിവാസി പട്ടികവർഗ്ഗത്തിൽപ്പെട്ട യുവാക്കളിൽ നിന്നു മാത്രമായി അപേക്ഷകൾ ക്ഷണിക്കുന്നു (കാറ്റഗറി നമ്പർ : 206/2024, ഗസറ്റ് തീയതി : 15.07.2024).

അപേക്ഷകൾ വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള മാതൃകയിൽ വെള്ളക്കടലാസ്സിൽ തയ്യാറാക്കി കോഴിക്കോട് ജില്ലാ ഓഫീസിലേയ്ക്കാണ് അയയ്ക്കേണ്ടത്. പുരുഷന്മാർ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. അപേക്ഷയുടെ മാതൃക, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്നിവയ്ക്കായി വിജ്ഞാപനം കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 14.08.2024 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെയാണ്.